വൈക്കം നിയോജകമണ്ഡലത്തിലെ മഴക്കാലരോഗ പ്രതിരോധ പ്രവർത്തനങ്ങൾ

25 (732) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴക്കാലരോഗ പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് വൈക്കം നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നടപടികൾക്കായി ഓരോ പഞ്ചായത്തുകൾക്കും എന്ത് തുക വീതം അനുവദിച്ചു എന്നും ഓരോ പഞ്ചായത്തും എന്ത് തുക വീതം വാർഡുതലത്തിൽ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോട്ടയം ജില്ലയിലെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി, വൈക്കം നിയോജക മണ്ഡലത്തിൽപ്പെട്ട ഗ്രാമ പഞ്ചായത്തുകളിലും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ആരോഗ്യ പ്രവർത്തകർ ഗൃഹസന്ദർശനം നടത്തുകയും പനി സർവ്വേ നടത്തുകയും ചെയ്തുകയുണ്ടായി. കൂടാതെ, ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമാക്കുകയും കുടിവെള്ള ശുചീകരണം, മാലിന്യ സംസ്കരണം തുടങ്ങിയവ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന്, നടത്തുകയും ചെയ്തിട്ടുണ്ട്. പകർച്ച വ്യാധികൾക്കെതിരെ വാർഡുതല സാനിറ്റേഷൻ കമ്മിറ്റി, ഓരോ വാർഡിലും കൂടുകയും, ആരോഗ്യ ക്ലാസ്സുകൾ, അംഗൻവാടി, സ്കൂളുകൾ എന്നിവ കേന്ദ്രീകരിച്ച് നടത്തുകയുണ്ടായി. കൂടാതെ, കൊതുകജന്യ രോഗനിയന്ത്രണം, ഉറവിട നശീകരണം, സ്പ്രേയിംഗ്, ഫോഗിംഗ്, മെഡിക്കൽ ക്യാമ്പ്, ക്ലോറിനേഷൻ തുടങ്ങിയ പ്രതിരോധ പ്രവർത്തനങ്ങളും വൈക്കം നിയോജകമണ്ഡലത്തിൽ നടത്തുകയുണ്ടായി.

(ബി) പഞ്ചായത്തുകൾക്ക്, ആരോഗ്യ വകുപ്പുവഴി തുകയൊന്നും അനുവദിച്ചിട്ടില്ല.

കൊല്ലം ജില്ലയിൽ സ്റ്റാഫ് നഴ്സിന്റെ അനുവദനീയമായ തസ്തികകൾ

26 (733) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ സ്റ്റാഫ് നഴ്സിന്റെ റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകി എന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത നിയമനത്തിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly